(ഡി) സംസ്ഥാനത്തെ നിക്ഷേപം ഇടിഞ്ഞിട്ടില്ല. വായ്പാ നിക്ഷേപ അനുപാതം കൂടിവരികയാണ്.

(ഇ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെൻറിൽനിന്നും ലഭ്യമായ കണക്കുകളുടെ വെളിച്ചത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ 30-6-2005 വരെ 1,442 കോടി രൂപ മൊത്ത നിക്ഷേപമായും 648 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിച്ചിട്ടുണ്ട്.

(എഫ്) ദേശീയ സമ്പാദ്യ പദ്ധതി സ്കീമുകൾക്ക് മികച്ച പലിശ നിരക്കാണ് ഇപ്പോൾ നിലവിലുള്ളത് എന്നതിനാൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ്

10 [385] ശ്രീ. മത്തായി ചാക്കോ:
,, ടി. കെ. ദേവകുമാർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെൻറും കേന്ദ്ര ഖാദിക്കമ്മീഷനും സംസ്ഥാന ഖാദിമേഖലയ്ക്ക് നൽകിവന്നിരുന്ന എല്ലാതെല്ലാം സാമ്പത്തികസഹായങ്ങളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) റിബേറ്റിനുപകരം മാർക്കറ്റ് ഡെവലപ്പ്മെൻറ് അസിസ്റ്റൻസ് നടപ്പാക്കാനുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷണറേറ്റിൻെറ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഖാദി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകുന്നുണ്ടോ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മാർജിൻ മണി പദ്ധതിപ്രകാരവും റിബേറ്റ് കുടിശ്ശിക ഇനത്തിലും 2004-05 വർഷത്തിൽ എന്തു തുക ഖാദി ബോർഡിന് ലഭിച്ചിട്ടുണ്ട്; ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയാണ്;

(എഫ്) പലിശ സബ്സിഡി പദ്ധതിയനുസരിച്ചുള്ള കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ നാലുവർഷക്കാലയളവിൽ ഖാദിവ്യവസായ പദ്ധതികൾക്കായി 606.22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഖാദി റിബേറ്റ് ഇനത്തിൽ 912.17 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 13-10-2004-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ ഖാദി സ്ഥാപനങ്ങളുമായും ഖാദിത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെത്തുടർന്ന് ഖാദി നൂൽപ്പ്/നെയ്ത്ത് തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് കൊടുക്കുന്നതിന് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഖാദി കമ്മീഷന്റെ പ്രോഡിപ്പ് പദ്ധതിപ്രകാരം പുതിയ ഇനം തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഖാദിത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽനിന്നുമുള്ള പെൻഷൻ തുക വർദ്ധിപ്പിച്ചു. കുറഞ്ഞ പെൻഷൻ 100 രൂപയിൽനിന്നും 300 രൂപയായും കൂടിയ പെൻഷൻ 300-ൽ നിന്നും 700 രൂപയായും വർദ്ധിപ്പിച്ചു. സ്ത്രീ തൊഴിലാളികൾക്കും ഖാദിത്തൊഴിലാളികളുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി 2,000 രൂപ അനുവദിക്കാൻ വ്യവസ്ഥ ചെയ്തു. കൂടാതെ ഖാദിത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി നെയ്ത്ത് രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 167 പേർക്ക് ഖാദി നെയ്ത്ത് പരിശീലനം നൽകി. 300 തറികളും 150 ചർക്കകളും വാങ്ങി സ്ഥാപിച്ചു. ഖാദി സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സംഘങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രവർത്തന ഗ്രാൻറ് നൽകുന്നതിന് നടപടി സ്വീകരിച്ചു.

(ബി) ഖാദി മേഖലയ്ക്ക് നൽകിവന്നിരുന്ന സാമ്പത്തിക സഹായങ്ങളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ഖാദി ചില്ലറ വിൽപ്പനയ്ക്ക് സർക്കാർ 10 ശതമാനം റിബേറ്റ് നൽകുന്നുണ്ട്. 31-3-2005-ൽ 716.54 ലക്ഷം രൂപ റിബേറ്റ് ഇനത്തിൽ കുടിശ്ശികയുണ്ട്. ഈ സാമ്പത്തികവർഷം 4 കോടി രൂപ റിബേറ്റിനത്തിൽ വകയിരുത്തിയതിൽ ഒരു കോടി രൂപ ഖാദി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

(ഇ) മാർജിൻ മണി പദ്ധതി പ്രകാരം 2004-05 സാമ്പത്തികവർഷം 515 ലക്ഷം രൂപ ബോർഡിന് ലഭിച്ചു. കൂടാതെ കുടിശ്ശിക തീർക്കുന്നതിന് റിബേറ്റ് ഇനത്തിൽ ഖാദി കമ്മീഷനിൽനിന്ന് 77.97 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽനിന്ന് 200 ലക്ഷം രൂപയും ബോർഡിന് ലഭിച്ചു. ഇനിയുള്ള ഖാദികമ്മീഷൻ കുടിശ്ശിക 129.32 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ കുടിശ്ശിക 716.54 ലക്ഷം രൂപയുമാണ്. ഈ വർഷം സംസ്ഥാന സർക്കാർ റിബേറ്റിനത്തിൽ വകയിരുത്തിയിരിക്കുന്ന 4 കോടി രൂപയിൽ 1½ കോടി രൂപ കുടിശ്ശിക തീർക്കുവാനുള്ളതാണ്.

(എഫ്) 2004-05-ൽ സംസ്ഥാന സർക്കാർ പലിശ സബ്സിഡി ഇനത്തിൽ അനുവദിച്ച 130 ലക്ഷം രൂപ ബോർഡ് വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള 45,22,786 രൂപ വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

നികുതി ഘടന പഠിക്കാൻ സമിതി

11 [386] ശ്രീ. കെ. എ. ചന്ദ്രൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എം. എം. ഹസ്സൻ:
,, കെ. സുധാകരൻ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നികുതിയുടെ അടിത്തറ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly